## 55 (1019) വന്യമൃഗങ്ങളുടെ ആക്രമണം സംബന്ധിച്ച തെളിവെടുപ്പ്

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശങ്ങളിൽ വന്യമൃഗ ആക്രമണം (പ്രത്യേകിച്ച് പന്നിശല്യം) കാരണം കോടിക്കണക്കിന് രൂപയുടെ കാർഷിക വിളകൾ നഷ്ട പ്പെടുന്നത് തടയുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടു ള്ളത്;

(ബി) വന്യമൃഗങ്ങളുടെ ആക്രമണം കാരണം കാർഷിക വിളകൾ നശിക്കുന്നത് സംബന്ധിച്ച് വനംവകുപ്പ് ഉദ്യോഗസ്ഥർ റാന്നിയിൽ എത്തി പൊതുജനങ്ങളുടെ പക്കൽനിന്നും തെളിവെടുപ്പ് നടത്തി വരിച്ച റിപ്പോർട്ടിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വന്യജീവികളെ വനാതിർത്തിയിൽത്തന്നെ നിലനിർത്താനും കൃഷിയിടങ്ങളിലേയ്ക്ക് കടന്നുകയറുന്നത് നിയന്ത്രിക്കാനുമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വൈദ്യുതി കമ്പിവേലി നിർമ്മിക്കുക, കിടങ്ങുകൾ കുഴി ക്കുക, മതിലുകൾ, കയ്യാലകൾ കെട്ടുക തുടങ്ങിയ പ്രതിരോധ പ്രവൃത്തികൾ നടത്തുന്നുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾ നശി ക്കുന്നതു സംബന്ധിച്ച് വനം വകുപ്പുദ്യോഗസ്ഥർ തെളിവെടുപ്പ് നടത്തുകയു ണ്ടായി. ജനങ്ങളുടെ മുഖ്യ ആവശ്യങ്ങൾ താഴെപ്പറയുംപ്രകാരമാണ്.

1. കൃഷി ഭൂമിയിലേയ്ക്ക് വന്യജീവികൾ പ്രവേശിക്കുന്നതു തടയുന്ന തിനായി വൈദ്യുത കമ്പിവേലി നിർമ്മിക്കുക.

2. കർഷകർക്ക് വന്യജീവികൾ മൂലമുണ്ടാകുന്ന നഷ്ടത്തിന് കാലതാ മസം കൂടാതെ നഷ്ടപരിഹാരം നൽകുക.

3. കാട്ടുപന്നിയുടെ വംശവർദ്ധന നിയന്ത്രിക്കാനും അവയുടെ ശല്യ ത്തിനെതിരെ ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തി സമർപ്പിക്കുവാനും പീച്ചി യിലെ വനഗവേഷണ കേന്ദ്രത്തിനോട് ആവശ്യപ്പെടാൻ സർക്കാർ നടപടി സ്വീകരിക്കുക.

4. കൃഷികൾക്ക് താൽക്കാലികമായി ഉണ്ടാകുന്ന നാശം കയ്യാല കൾക്കുണ്ടാകുന്ന നാശം എന്നിവ സംബന്ധിച്ച വിവരങ്ങൾ രണ്ടാഴ്ചയ്ക്കു ള്ളിൽ കർഷകർ അതാതു റെയിഞ്ചാഫീസർമാർക്ക് നൽകണം.

(സി) റാന്നി ഡിവിഷനിലെ റാന്നി റെയിഞ്ചിൽപ്പെട്ട അട്ടത്തോട് ഭാഗത്ത് 0.5 കി.മീ. നീളത്തിലും കിസുമം നെല്ലിമല ഭാഗത്ത് 2.20 കി.മീ. നീള ത്തിലും മുള്ളുവേലി തേക്കടി വന്യജീവിവിഭാഗം മുഖാന്തിരം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വന്യജീവികൾ വനാതിർത്തിയിൽ കടക്കുന്നത് തടയാൻ റാന്നി ഡിവിഷനിൽ 4.5 കി.മീ. നീളത്തിൽ കമ്പിവേലിയും നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യജീവികളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ദുരി താശ്വാസത്തിനുള്ള അപേക്ഷകളെല്ലാം തീർപ്പാക്കുന്നതിൽ സത്വര നടപടി

LIBRARY ARCHIVES Kerala Legislative Assembly

കൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ഇതിനുവേണ്ടി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിഗണനയിലാണ്. വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശം സംബന്ധിച്ച പഠനം നടത്തി, അവർക്കെതിരെ നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**56 (1020) കെ.എസ്.ആർ.ടി.സി.യുടെ നവീകരണം**

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ വികസനത്തിനും നവീകരണത്തിനുമായി ഈ സാമ്പത്തികവർഷം നടപ്പാക്കാൻ ലക്ഷ്യമിട്ട പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിനുവേണ്ടി എന്തു തുക വീകയിരുത്തിയിട്ടുണ്ട്;

(സി) നടപ്പുവർഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ റോഡിലിറക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി കഴിയുന്നത്ര ബസുകൾ നിരത്തിലിറക്കുക. നഷ്ടത്തിലോടുന്ന റൂട്ടുകൾ പുനഃക്രമീകരിച്ച് ഏറ്റവും തിരക്കുള്ള റൂട്ടിലും സമയത്തും ഓടിക്കുക, പഴയ ബസുകൾ നിരത്തിൽ നിന്നും പിൻവലിക്കുക, വർക്കുഷോപ്പു ജോലികൾ എളുപ്പമുള്ളതാക്കുവാൻ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുക, ദേശവൽക്കൃത മേഖലയിൽ ഊന്നൽ നൽകി പ്രസ്തുത മേഖലയിലും നാഷണൽ ഹൈവേയിലും കൂടുതൽ സർവ്വീസുകൾ നടത്തുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) 90 കോടി രൂപയുടെ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി പരമാവധി ബസുകൾ നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നു.

**57 (1021) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ നടപടി**

ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഒരു ബസ് ഒരു കിലോമീറ്റർ ഓടുമ്പോൾ ശരാശരി എത്ര രൂപ വരുമാനം കിട്ടുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly